# കേരള സർക്കാർ

നമ്പർ.8911/ആർ.ഡി.2/08/ത.സ്വ.ഭ.വ

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി : 06/02/2008

## സർക്കുലർ

സർക്കാർ അംഗീകരിച്ച തിരുവനന്തപുരം മാസ്റ്റർ പ്ലാനിലെ റിവൈസ്ഡ് സോണിംഗ് റെഗുലേഷൻ പ്രകാരം ഗ്രീൻ സ്ട്രിപ്പായി കാണിച്ചിരിക്കുന്ന സ്ഥലത്ത് നിർമ്മാണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ധാരാളം അപേക്ഷകൾ ജില്ലാ ടൗൺ പ്ലാനറുടെ ഓഫീസിൽ കൺകറൻസിനായി ലഭിക്കുന്നുണ്ട്. ലേ ഔട്ട് അംഗീകാരം വാങ്ങാതെ സ്ഥലം ഭൂവിഭജനം നടത്തി പലരുടെയും കൈവശത്തിലിരിക്കുകയാണെന്നും, 300 ചതുരശ്ര മീറ്റർ ഫ്ളോർ ഏരിയാവരെ റസിഡൻഷ്യൽ ബിൽഡിംഗിനുള്ള വ്യക്തിഗത അപേക്ഷകൾ ഭൂവിഭജനം നടത്തിയിരിക്കുന്ന സ്ഥലത്ത് പരിഗണിക്കുന്നതിന് ബുദ്ധിമുട്ടുള്ളതായും ചീഫ്ടൗൺ പ്ലാനർ സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുകയുണ്ടായി. പ്രസ്തുത കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ റീജിയണൽ ടൗൺ പ്ലാനർ പ്രസ്തുത സ്ഥലത്ത് കൺകറൻസ് നൽകേണ്ടതാണ്.

1. പാടമല്ലാത്തസ്ഥലങ്ങളിൽ മതിൽ കെട്ടി പ്ലോട്ടായി തിരിച്ചിരിക്കുന്നതോ, ഡ്രൈകൾ ട്ടിവേഷൻ നടക്കുന്നതോ ലേ ഔട്ട് അപ്രൂവൽ ഇല്ലാതെ പ്ലോട്ടുവിഭജിച്ചു നൽകിയിട്ടുള്ളതോ, നിയമാനുസൃതം നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടത്തിനോടു ചേർന്നുള്ള പ്ലോട്ടിലോ നിർമ്മാണം നടത്തുവാൻ അപേക്ഷ ലഭിച്ചിട്ടുള്ള പക്ഷം അവയ്ക്ക് പ്രത്യേക പരിഗണന നൽകി നിർമ്മാണാനുമതിക്ക് ശുപാർശ ചെയ്യേണ്ടതാണ്.
2. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വാട്ടർസപ്ലൈ, ഡ്രെയിനേജ്, ഇലക്ട്രിസിറ്റി എന്നിവ ലഭ്യമായിട്ടുള്ള പ്ലോട്ടിൽ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ നിർമ്മാണാനുമതിക്ക് ശുപാർശചെയ്യേണ്ടതാണ്.
3. കെട്ടിട നിർമ്മാണച്ചട്ട പ്രകാരമുള്ള ലേ ഔട്ട് അംഗീകാരം വാങ്ങിയിട്ടില്ലാത്തതോ 01-01-2008-ന് മുമ്പ് ഉടമസ്ഥാവകാശം രജിസ്റ്റർ ചെയ്തിട്ടുള്ളതോ ആയ സംഗതികളിൽ മാത്രം മേൽ വിവരിച്ച 1-ഉം, 2-ഉം പ്രകാരം തീരുമാനം എടുക്കേണ്ടതാണ്.
4. നിലവിലുള്ള സ്വാഭാവിക ഡ്രെയിനേജ് സംവിധാനത്തെ പ്രതികൂലമായി ബാധിച്ചേക്കാവുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യം വേണ്ട ഡ്രെയിനേജ് സംവിധാനം (ഓരോ പ്ലോട്ടിൽ നിന്നും സുഗമമായി ഒഴുകി

പോകുന്നതിനുള്ള സംവിധാനം) ഉറപ്പാക്കുന്ന വിധം മാത്രം നിർമ്മാണാനുമതിക്ക് ശുപാർശ ചെയ്യേണ്ടതാണ്.

5. 2005 നവംബറിനു മുമ്പ് സർക്കാർ എക്സംഷൻ ലഭിച്ചിട്ടുള്ള വീടുകളുടെ അപേക്ഷകളിൽ (300 ച.മീറ്റർ വരെ ഫ്ളോർ ഏരിയ) നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത കേസുകൾ പരിഗണനക്ക് വരുമ്പോൾ അവ ശുപാർശ ചെയ്ത് നൽകേണ്ടതാണ്.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ് : നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
സീനിയർ ടൗൺ പ്ലാനർ, വിജിലൻസ്
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്തു സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്,
പാങ്ങപ്പാറ, തിരുവനന്തപുരം – 695 581
(തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
പബ്ളിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിക്ക്)
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്
തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തദ്ദേശസ്വയംഭരണ (ആർ.ബി) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**